ദേശീയ വയോജന
വിദ്യാഭ്യാസ പരിപാടി

സാക്ഷരത നേടിയവർക്ക്

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
ന്യൂ ദൽഹി

ഒക്ടോബർ 2, 1978

SAKSHARATA NETIYAVARKKU (MALAYALAM)

വില രൂ. 1.00

PUBLISHED BY THE DIRECTOR, NATIONAL BOOK TRUST, INDIA, A-5, GREEN PARK, NEW DELHI-16 AND PRINTED AT JANATHA PRINTING & PUBLISHING COMPANY PRIVATE LIMITED, 193, PETERS ROAD, MADRAS-600014.

ആമുഖം

പാവപ്പെട്ടവരും അക്ഷരജ്ഞാനമില്ലാത്തവരുമായ ജനവിഭാഗത്തിന്റെ അവശതകൾ കണ്ടറിഞ്ഞു്, സാമൂഹ്യരംഗത്തു് അവർക്കുള്ള പരാധീനതകൾ കുറയ്ക്കുന്നതിന്നുള്ള രാജ്യവ്യാപകമായ ഒരു സംരംഭമാണു് ദേശീയ വയോജന വിദ്യാഭ്യാസ പരിപാടി.

പ്രായപൂർത്തിയെത്തിയ വിദ്യാർഥികളുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലേക്കും വിദ്യാഭ്യാസം കടന്നുചെല്ലുന്നുണ്ട്. വായന, എഴുത്തു്, ലഘുവായ മനക്കണക്കുകൾ എന്നിവയിൽ വിദ്യാർഥിക്കു സാമർഥ്യം ഉണ്ടാകത്തക്കവണ്ണം സംവിധാനം ചെയ്തിട്ടുള്ള സാക്ഷരതാ പാഠാവലി ഒന്നു്, വയോജന വിദ്യാഭ്യാസപരിപാടിയിലെ പ്രധാനപ്പെട്ട ഒരു ഉപകരണമാണു്. പൊതുതാല്പര്യമുള്ള വിഷയങ്ങളെപ്പററി ചർച്ച ചെയ്യുക തുടങ്ങിയ മററു പ്രവർത്തനങ്ങളും ഈ പരിപാടിയുടെ ഭാഗമാണു്. സാധാരണയായി എല്ലാവർക്കും താല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച കൃതികൾ വായിച്ചുകൊണ്ട് അധ്യാപകൻ ചർച്ച തുടങ്ങിവയ്ക്കും. അധ്യാപകൻ തുടങ്ങിവെച്ച ആശയങ്ങളുമായി പരിചയപ്പെടുന്ന വിദ്യാർഥി, അതു സംബന്ധമായ അടിസ്ഥാനവിവരങ്ങൾ ഉൾക്കൊള്ളുന്ന ലഘുകൃതികൾ വായിക്കാൻ താല്പര്യം കാണിക്കും.

പുതുതായി സാക്ഷരത നേടിയവരുടെ അക്ഷരപരിജ്ഞാനം നിലനിർത്തുന്നതിലും അവരുടെ ചിന്തയുടെയും പ്രവർത്തനത്തിന്റെയും ചക്രവാളം വിസ്തൃതമാക്കുന്നതിലും ഏററവും പ്രാധാന്യമുള്ള സംഗതി, വാക്കുകളുടെ ലോകവുമായി അവർ എത്രയേറെ അടുത്തു് ഇടപഴകുന്നു എന്നതാണു്. വാക്കുകളു

ടെ അർഥം മനസ്സിലാക്കാനും വ്യക്തമായി അവ ഉച്ചരിക്കാനും കഴിയുന്നതോടെയാണ് നവസാക്ഷരർ പുതിയ കൃതികൾ വായിക്കുന്നതിൽ സ്വാഭാവികമായ താല്പര്യം പ്രകടിപ്പിക്കുന്നതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നവസാക്ഷരർക്ക്, വിഭിന്നനിലവാരങ്ങളിലുള്ള പുസ്തകങ്ങൾ ഉണ്ടാകേണ്ടതിൻെറ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്.

വയോജന വിദ്യാഭ്യാസ ഡയറക്ടറേററ് കഴിഞ്ഞയിട സംഘടിപ്പിച്ച ഒരു വർക്ക്ഷോപ്പിൽ പങ്കെടുത്ത പ്രസിദ്ധരായ എഴുത്തുകാർ വിവിധ ഭാഷകളിൽ തയ്യാറാക്കിയ പാഠ്യപുസ്തകങ്ങളിൽ ഒന്നാണിത്. പരീക്ഷണസ്വഭാവമുള്ള ഈ പുസ്തകം, ചുരുക്കം ചില പ്രോജക്ടുകളിൽ ഉപപാഠ്യപുസ്തകമായി ഉപയോഗിക്കേണ്ടതാണ്. ഉചിതസന്ദർഭങ്ങളിൽ, ചർച്ചകൾ തുടങ്ങുന്നതിന്നുമുമ്പായി അദ്ധ്യാപകൻ ഇതിലെ ഓരോ പാഠങ്ങൾ പ്രായപൂർത്തിയെത്തിയവരായ പഠിതാക്കളെ വായിച്ചു കേൾപ്പിക്കണം. വായനയിൽ വിദ്യാർഥികൾ നേടിയിട്ടുള്ള കഴിവിൻെറ അടിസ്ഥാനത്തിൽ, ഇത് അവരെക്കൊണ്ടും വായിപ്പിക്കാവുന്നതാണ്.

പരീക്ഷണസ്വഭാവമുള്ള ഈ പുസ്തകം ഉപയോഗിക്കുന്നവരിൽനിന്നുണ്ടാകുന്ന പ്രതികരണത്തിൻെറ അടിസ്ഥാനത്തിൽ, വിഭിന്ന നിലവാരങ്ങളിലുള്ള പുസ്തകങ്ങൾ നവസാക്ഷരർക്കുവേണ്ടി ഇനിയും നിർമ്മിക്കുന്നതിന്നുള്ള സാങ്കേതികജ്ഞാനം ഈ ഡയറക്ടറേററിന്ന് ലഭിക്കും എന്നു പ്രത്യാശിക്കുന്നു.

ന്യൂ ദൽഹി
ഒക്ടോബർ 2, 1978

എ. കെ. ജലാലുദ്ദീൻ
ഡയറക്ടർ

കൃതജ്ഞത

1978 ഓഗസ്റ്റ് 16 മുതൽ 23 വരെ തുടർന്ന ഒരു വർക്ക് ഷോപ്പിൽ പങ്കെടുത്ത എഴുത്തുകാരുടെ സംഭാവനകളാണ് ഈ കൃതിക്ക് ആസ്പദം. പ്രസ്തുത വർക്ക്ഷോപ്പിൽ പങ്കെടുത്ത, താഴെപ്പറയുന്ന വ്യക്തികളോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

1. ശ്രീ സി. പി. മഹേശ്വരി
2. ,, കെ. എൻ. ശുക്ല
3. ,, ഷെർജംഗ് ഗർഗ്
4. ,, മസ്ത്റാം കപൂർ
5. ,, ഡി. ഡി. നന്ത്യാൽ
6. കുമാരി ഇന്ദിര കലശ്രേഷ്ഠ
7. ശ്രീ മുകുന്ദ് ദ്വിവേദി
8. ,, എൽ. എൽ. ശ്രീവാസ്തവ
9. ,, എസ്. സി. ഗർഗ്
10. ശ്രീമതി ബിമലാ ദത്ത
11. ശ്രീ എച്ച്. എൽ. ബച്ഛോടിയ
12. ,, ഗംഗാദത്ത ശർമ്മ
13. ,, ശിവഗോവിന്ദ ത്രിപാഠി
14. ,, ജി. വി. ഭക്തപ്രിയ
15. ,, ഡി. എൻ. മാഥുർ
16. ,, ദിനാനാഥ് സെൻ
17. ,, സന്തോ ദത്ത
18. ,, ഉത്പൽ മല്ലിക്
19. ശ്രീമതി അദിതി മുഖർജി

20. ശ്രീ അരുൺ ചക്രവർത്തി
21. ,, സുകുമാർ ഭട്ടാചാര്യ
22. ശ്രീമതി സവിതാ ജജോദിയ
23. ശ്രീമതി സുഷമാ ആരാധ്യേ
24. ശ്രീ കെ. ബി. റെയെ
25. ,, വൈ കെ. കെ. മേനോൻ
26. ,, കെ. കെ. സി. നായർ
27. ,, എച്ച്. ബാലസുബ്രഹ്മണ്യം
28 ശ്രീമതി ഭാനുമതി റാവു

കൂടാതെ, ഈ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുള്ള വിലപ്പെട്ട സാഹിത്യശകലങ്ങളുടെ പേരിൽ, ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. വി. ടി. നന്ദകുമാർ, ശ്രീ. കെ. കെ. സി. നായർ എന്നിവരോടും ഞങ്ങൾക്കുള്ള സവിശേഷമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

രണ്ടുവാക്ക്

പുതുതായി എഴുതാനും വായിക്കുവാനും പഠിച്ചു മുതിർന്ന ആളുകൾക്കുവേണ്ടിയുള്ളതാണ് ഈ പുസ്തകം. ആയിരത്തോളം വാക്കുകൾ പഠിച്ചവർക്ക് ഇതു് വായിച്ചുമനസ്സിലാക്കുക വിഷമമാവില്ല. സാധാരണ ജീവിതവുമായി ബന്ധമുള്ള കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. സംഭാഷണം, കഥ, ലേഖനം, കവിത എന്നീ ഇനങ്ങളിൽ പെടുന്നവയാണ് ഇതിലെ ഉള്ളടക്കം. കാര്യങ്ങൾ എളുപ്പം മനസ്സിലാകുന്ന മട്ടിൽ, രസകരമായി അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. കവിതകൾ കൂടുതൽ നന്നായി മനസ്സിലാകുന്നതിന്ന് ഉപകരിക്കുന്ന വിധത്തിൽ, ചില വാക്കുകളുടെ അർത്ഥങ്ങളും ചില വാക്കുകൾ തമ്മിലുള്ള ചേർച്ചയും വേർതിരിച്ചു കാണിച്ചിട്ടുണ്ടു്.

ഇതു തയ്യാറാക്കിയതു് ശ്രീ. ഐ. കെ. കെ. മേനോൻ, കെ. കെ. സി. നായർ, എച്ച്. ബാലസുബ്രഹ്മണ്യം എന്നിവരാണ്. ഇതിലേയ്ക്കുവേണ്ട സാങ്കേതികോപദേശങ്ങളും നിർദ്ദേശങ്ങളും തന്നതു് ശ്രീമതി ഭാനുമതി റാവുവും, കവർ പേജുൾപ്പെടെയുള്ള ചിത്രങ്ങൾ വരച്ചതു് ശ്രീ. എ. ആർ. കേരളവർമ്മയുമാണ്.

ഉള്ളടക്കം

നന്ദി!

[ധാരാളം കവിതകളും ഗാനങ്ങളും എഴുതിയിട്ടുള്ള കവിയാണ് ശ്രീ. ഒ. എൻ. വി. കുറുപ്പ്. തനിക്ക് നല്ല സംഗതികൾ ഒരുക്കിത്തന്ന ജീവിതത്തോട് കവി നന്ദി പറയുകയാണ്, ഇവിടെ.]

നന്ദി! നീ തന്നൊരിളം നീലരാവുകൾ-
ക്കെന്നെ ക്കുളിരിണിയിച്ച നിലാവുകൾ-
ക്കെന്നെച്ചിരിപ്പിച്ച നക്ഷത്ര മുല്ലകൾ-
ക്കെൻെറയേകാന്തത തൻ പുഴയോരത്തു
കൊച്ചുകാററിൻെറ കൊതുമ്പുവള്ളത്തിൽ നീ-
യേററിയയച്ച വിശിഷ്ടഗന്ധങ്ങൾക്കു
മെല്ലാം—എനിക്കു കനിഞ്ഞുനീ തന്നതി-
നെല്ലാം, പ്രിയപ്പെട്ട ജീവിതമേ! നന്ദി!

(ഒ. എൻ. വി. കുറുപ്പ്)

ചില വാക്കുകളുടെ അർത്ഥം:

ഏകാന്തത—ഒററപ്പെട്ട അവസ്ഥ
വിശിഷ്ടം—വിശേഷപ്പെട്ടത്
കനിഞ്ഞ്—ദയവോടുകൂടി

വാക്കുകളുടെ ചേർച്ച നോക്കുക:

തന്ന+ഒരു+ഇളം
നിലാവുകൾക്ക്+എന്നെ+കുളിരണിയിച്ച
എന്നെ+ചിരിപ്പിച്ച
എൻെറ+ഏകാന്തത
പുഴ+ഓരത്ത്
ഏററി+അയച്ച

നമ്മുടെ കേരളം



കടലിൽ നിന്നും പൊന്തിവന്നതാണ് നമ്മുടെ കേരളം. അനേകായിരം വർഷം മുമ്പുതന്നെ കേരളം നിലവിലുണ്ടായിരുന്നു. അക്കാലത്ത് നമ്മുടെ മലയന്മാരുടെയും വേടരുടെയും

മുൻഗാമികളായിരുന്ന അവരുടെ പാരമ്പര്യമറ്റു. പിന്നീടു കുറെക്കൂടി പരിഷ്കാരികളായ ദ്രാവിഡന്മാർ വന്നു. നമ്മിൽ അധികംപേരും അവരുടെ പിൻതലമുറക്കാരാണ്. പിന്നീട് ആര്യന്മാർ കുടിയേറിപ്പാർത്തു.

പുറംരാജ്യക്കാരുമായി കേരളം പണ്ടുതന്നെ കച്ചവടത്തിലേർപ്പെട്ടിരുന്നു. കുരുമുളക്, ഏലം മുതലായ സുഗന്ധദ്രവ്യങ്ങൾ ചീനക്കാർ, റോമാക്കാർ, അറബികൾ എന്നു തുടങ്ങി പല നാട്ടുകാർക്കും ആവശ്യമുണ്ടായിരുന്നു. ഈ സുഗന്ധദ്രവ്യങ്ങൾക്കുവേണ്ടി വിദേശികൾ തമ്മിൽ പല യുദ്ധങ്ങളും നടന്നിട്ടുണ്ട്. പടിഞ്ഞാറൻ രാജ്യങ്ങളുമായി ഭാരതത്തിൽ ആദ്യം സമ്പർക്കം പുലർത്തിയതു് കേരളമാണ്.

അന്യരാജ്യങ്ങളുമായി അടുത്തു ബന്ധപ്പെട്ടതുകൊണ്ട് കേരളത്തിൽ നാനാജാതി മതങ്ങളുണ്ട്. പല വർഗ്ഗക്കാരുണ്ട്. പാശ്ചാത്യർ ആദ്യം കാലുകുത്തിയതു് കേരളത്തിലാണല്ലൊ. അതുപോലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളി പണിചെയ്തതും കേരളത്തിൽ കൊടുങ്ങല്ലൂരാണ്. ജൈനമതവും ബുദ്ധമതവും പണ്ടു കാലം മുതൽ കേരളത്തിൽ പ്രചരിച്ചിരുന്നു. അറബികളാണ് ഇസ്ലാംമതം കൊണ്ടുവന്നതു്. ഇസ്രായേലിൽനിന്നു് പുറത്താക്കപ്പെട്ട ജൂതന്മാർ രണ്ടായിരത്തിലേറെ കൊല്ലം മുമ്പു് കേരളത്തിലെത്തി. എല്ലാ മതക്കാരും വർഗ്ഗക്കാരും കേരളത്തിൽ യോജിപ്പോടുകൂടി ജീവിച്ചുവന്നു. ചേന്ദമംഗലം എന്ന സ്ഥലത്തു് ഒരേ വളപ്പിൽ ഒരു ഹിന്ദുക്ഷേത്രവും, മുസ്ലിംകളുടെയും ക്രിസ്ത്യാനികളുടെയും, ജൂതന്മാരുടെയും പള്ളികളുമുണ്ട്.

കേരളം ഭരിച്ചിരുന്നവരിൽ പ്രധാനികൾ ചേരവംശക്കാരായിരുന്നു. ആയ് രാജാക്കന്മാർ, കുലശേഖര ചക്രവർത്തിമാർ, ചോള-പാണ്ഡ്യന്മാർ എന്നിവരും കേരളം വാണിട്ടുണ്ട്.

പല വിദേശസഞ്ചാരികളും കേരളം സന്ദർശിച്ചുപോവുകയും കേരളത്തെപ്പററി എഴുതുകയും ചെയ്തിട്ടുണ്ട്. 1498-ൽ വാസ്കോ ഡാ ഗാമാ എന്ന പോർത്തുഗീസ് നാവികൻ കോഴിക്കോട്ടിറങ്ങി. അന്നുമുതൽക്കാണ് പാശ്ചാത്യരാജ്യങ്ങളും കേരളവുമായുള്ള സ്ഥിരമായ ബന്ധം ഉണ്ടായത്. പോർത്തുഗീസുകാർ സംഘങ്ങളായി കേരളത്തിലെത്തി, കച്ചവടത്താവളങ്ങൾ ഉറപ്പിച്ചു. നാട്ടുരാജ്യങ്ങളുടെ ഭരണത്തിൽ ഇടപെട്ടു. നാട്ടുരാജാക്കന്മാർ തമ്മിലുള്ള വഴക്കുകളിൽ പങ്കുപിടിച്ച് അവരുടെ കലഹങ്ങളിൽനിന്ന് മുതലെടുക്കാൻ തുടങ്ങി. പോർത്തുഗീസുകാരെ തുടർന്ന് ഡച്ചുകാരും ഫ്രഞ്ചുകാരും വന്നു. അവരും ഇതേ നയം സ്വീകരിച്ചു. ഒടുവിലെത്തിയതു് ഇംഗ്ലീഷുകാരാണ്.

കേരളത്തിന്ന് ഇന്ത്യയിലെ മററു രാജ്യങ്ങളിൽനിന്നും ആക്രമണങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. ചോളരാജാക്കന്മാർ ആദ്യകാലത്ത് കേരളത്തിലെ പല പ്രദേശങ്ങളും കീഴടക്കുകയുണ്ടായല്ലൊ. മൈസൂർ സുൽത്താനായ ഹൈദരാലിയും, തുടർന്ന് അദ്ദേഹത്തിൻെറ പുത്രൻ ടിപ്പുസുൽത്താനും കേരളത്തിൻെറ വടക്കൻ പ്രദേശങ്ങൾ പടവെട്ടി കീഴടക്കി. ടിപ്പുവിനെ ഇംഗ്ലീഷുകാർ യുദ്ധത്തിൽ കൊന്നു് മൈസൂരുമായി ഉടമ്പടിയിലേർപ്പെട്ടു. ഒടുവിൽ തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങൾ ഭരിച്ചിരുന്നതു് ബ്രിട്ടീഷ് മേൽക്കോയ്മയിൻകീഴിൽ അവിടങ്ങളിലെ മഹാരാജാക്കന്മായിരുന്നു. മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ടു് ഭരണം നടത്തി. വിദേശീയരെ ചെറുത്തുനിന്ന ധീരന്മാരായ രാജാക്കന്മാർ കേരളവർമ്മ പഴശ്ശിരാജാവും മാർത്താണ്ഡവർമ്മയുമായിരുന്നു.

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ സ്വാതന്ത്ര്യസമരം വ്യാപിച്ചപ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദഭരണത്തിന്നുള്ള സമരം തുട

ങ്ങി. തുടർന്ന് 1947-ൽ ഭാരതം സ്വാതന്ത്ര്യം നേടി. തിരുവിതാംകൂറും കൊച്ചിയും ചേർത്ത് ഒരു സംസ്ഥാനമുണ്ടാക്കി. രാജവാഴ്ച അവസാനിച്ചു. പിന്നീട് ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ വേർതിരിച്ചപ്പോൾ, കേരളം 1956-ൽ ഒരു സംസ്ഥാനം അല്ലെങ്കിൽ സ്റ്റേററായിത്തീർന്നു.

ജനായത്തഭരണം നിലവിൽ വന്നതോടെ, ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയുള്ള പല പ്രവർത്തനങ്ങളും ആരംഭിച്ചു. കുടികിടപ്പവകാശം, കടത്തിൽ നിന്നുള്ള രക്ഷ, കൃഷിപരിഷ്കരണം മുതലായ നേട്ടങ്ങൾ സ്വാതന്ത്ര്യത്തിനുശേഷം ഉണ്ടായവയാണ്. കൂടുതൽ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഇനിയും നാം നേടിയെടുക്കേണ്ടിയിരിക്കുന്നു.

പുതുമണവാട്ടി

ഇഷ്ടികക്കളത്തിൽ ജോലികഴിഞ്ഞു് കാവലൻ മടങ്ങി വന്നപ്പോൾ കൂടെ ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. ഓമന. നല്ല ചുറുചുറുക്കും ആരോഗ്യവുമുള്ള അവൾ ഇഷ്ടികക്കളത്തിൽ ജോലി ചെയ്തിരുന്നു. അവിടെ വെച്ചുണ്ടായ പരിചയം അവരെ വിവാഹത്തിൽ എത്തിച്ചു.

ഈഴവ കുടുംബത്തിൽപ്പെട്ട ഓമനയെ പുലയയുവാവായ കാവലൻ കല്യാണം കഴിക്കുന്നതിൽ ഓമനയുടെ വീട്ടുകാർക്ക് ആദ്യം എതിർപ്പുതോന്നി. എന്നാൽ സ്ത്രീധനത്തിന്റെയും കല്യാണാഘോഷത്തിന്റെയും ചെലവുകൾ ഒഴിവാക്കിക്കൊണ്ട് കാവലനും ഓമനയും രജിസ്റ്റർ വിവാഹം ചെയ്കയാണുണ്ടായതു്. അപ്പോൾ ഓമനയുടെ അച്ഛനമ്മമാർക്ക് സന്തോഷവും ആശ്വാസവും തോന്നി.

കാവലന്റെ വീട്ടിൽ വയസ്സനായ അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളു. കുടികിടപ്പവകാശമായി അവർക്കു കിട്ടിയ പതിനഞ്ചുസെൻറു പുരയിടത്തിൽ അഞ്ചു സെൻറു വീതം മൂത്ത രണ്ടു മക്കൾക്ക് അദ്ദേഹം വീതിച്ചുകൊടുത്തു. ബാക്കി അഞ്ചു സെൻറിൽ ഉണ്ടായിരുന്ന കുടിലിൽ അച്ഛനും കാവലനും താമസിച്ചു. രണ്ടു മാസം മുമ്പ് കാവലൻ ദൂരെ ഇഷ്ടികക്കളത്തിൽ ജോലിക്കു പോയിരുന്നപ്പോൾ അച്ഛൻ പകൽ സമയങ്ങളിൽ മററു രണ്ടു മക്കളുടെ വീടുകളിൽ കഴിച്ചുകൂട്ടി. എന്നാൽ രാത്രിയാകുമ്പോൾ അദ്ദേഹം സ്വന്തം കുടിലിലേക്ക് തിരികെപ്പോരുമായിരുന്നു.

കാവലൻെറ പുതുമണവാട്ടിയെ കാണാൻ അവൻെറ ജ്യേഷ്ഠന്മാരും അവരുടെ ഭാര്യമാരും കുട്ടികളും വന്നു. അടുത്ത ദിവസം കാവലൻെറ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും ഒരു ചായസൽക്കാരം നടത്തി. അങ്ങിനെയായിരുന്നു ആ വിവാഹാഘോഷം. പുതുമണവാട്ടിയുടെ വരവോടെ കാവലൻെറ കുടിലിൽ പുതിയ ഒരുണർവുണ്ടായി. കാവലൻെറ ജ്യേഷ്ഠന്മാരും അവരുടെ ഭാര്യമാരും കുട്ടികളും ഇടയ്ക്കിടെ അവിടെ വന്നു പൊയ്ക്കൊണ്ടിരുന്നു. കുട്ടികൾ ഓമനയുമായി വളരെ വേഗം അടുത്തു. അവൾക്ക് ആ കുട്ടികളെ വളരെ ഇഷ്ടമായി.

പാടത്ത് പണി ആരംഭിക്കുവാൻ ഇനിയും ഒരാഴ്ചയിലേറെയുണ്ട്. അതുകൊണ്ട് തൽക്കാലം കാവലന് ജോലി ഒന്നും ഇല്ല. ഈ ദിവസങ്ങൾ കാവലനും ഓമനയും മധുവിധു കാലമായി ആഘോഷിച്ചു. എന്നാൽ, പുരയിടത്തിൽ ചെറിയ പണികൾ ചെയ്യുന്നതിൽ അവർ രണ്ടു പേരും ഉത്സാഹം കാണിച്ചു. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ഓമന പ്രത്യേകം ശ്രദ്ധിച്ചു. ഏഴ് ക്ലാസ്സുവരെ പഠിച്ചിരുന്ന അവൾ നടപ്പിലും ഉടുപ്പിലും വെടുപ്പും വൃത്തിയും പാലിച്ചു.

ഒരു ദിവസം ഓമന പറഞ്ഞു, "ഒരു തയ്യൽമെഷീൻ വാങ്ങിയിരുന്നെങ്കിൽ എനിക്ക് ഒരു പണിയായെനെ."

"അതിന് നിനക്ക് തയ്പറിയാമോ?"

"ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ തയ്പ് പഠിച്ചതാണ്. പിന്നീട് ഞങ്ങളുടെ അയൽപക്കത്തുള്ള ഗോമതിച്ചേച്ചിയുടെ വീട്ടിൽ പോയി ഞാൻ തയ്ക്കാറുണ്ട്" ഓമന പറഞ്ഞു.

"മെഷീന് വലിയ വിലയല്ലെ"?

"ഗോമതിച്ചേച്ചി മെഷീൻ വാങ്ങിയതു് ബാങ്കിൽ നിന്നും പണം കടമെടുത്താണ്. നമുക്കും അങ്ങനെ വാങ്ങിക്കൂടെ?" ഓമന ചോദിച്ചു.

"ശരി ഞാൻ ബാങ്കിൽപോയി നോക്കട്ടെ." കാവലൻ പറഞ്ഞു.

അന്നു തന്നെ അയാൾ ബാങ്കിൽ ചെന്നു് ഇക്കാര്യം അന്വേഷിച്ചു. പണം കടമായി ലഭിക്കുമെന്നും തവണകളായി ആ തുക അടച്ചുതീർത്താൽ മതിയെന്നും അറിഞ്ഞു. കാവലനു് സന്തോഷമായി.

കാവലൻ വീട്ടിലേക്കു മടങ്ങുമ്പോൾ, തന്റെ ഭാര്യ പുതിയ തയ്യൽ മെഷീനിൽ തയ്ച്ചുകൊണ്ടിരിക്കുന്ന ചിത്രം മനസ്സിൽ തെളിഞ്ഞു. താൻ വെളിയിൽ ജോലിക്കുപോകുകയും, ഓമന വീട്ടിലിരുന്നു ജോലി ചെയ്യുകയും ആണെങ്കിൽ ബുദ്ധിമുട്ടൊന്നും കൂടാതെ, സുഖമായി ജീവിക്കാമെന്നു് അവനു് ഉറപ്പായി.

അങ്ങനെ അവരുടെ പുതിയ കുടുംബജീവിതം രൂപം കൊള്ളുകയായി.

നമ്മുടെ കണ്ണും മൂക്കും ചെവിയും

കണ്ണ്:

രാവിലെ ഉറക്കമൊഴിയുമ്പോൾ നാം കണ്ണു തുറക്കുന്നു. പിന്നീട് രാത്രി ഉറങ്ങാൻ പോകുന്നതുവരെ കണ്ണാണ് നമ്മുടെ ഉററ കൂട്ടുകാരൻ. എല്ലാ അവയവങ്ങളിലും വെച്ച് കണ്ണ് ഏററവും പ്രിയങ്കരമാണ്. ആ നിലയ്ക്കാണ് നമ്മുടെ കുഞ്ഞുങ്ങളെ കണ്ണിലുണ്ണിയെന്നു നാം പറയുന്നത്.

മുഖത്തെ അസ്ഥികൾക്കുള്ളിലാണ് കണ്ണിൻെറ സുരക്ഷിതമായ സ്ഥാനം. കൺപോളകൾ ഇടയ്ക്കിടെ ചിമ്മി പൊടിയും മററും കണ്ണിൽ കടക്കാതിരിക്കുന്നതിൽ സഹായിക്കുന്നു. പൊടിയോ ചെറു ജീവികളോ കണ്ണിനുള്ളിൽ പെട്ടാൽ, ഉടൻതന്നെ ഒഴുകുന്ന കണ്ണുനീര് അതിനെ പുറത്താക്കാൻ ഉപകരിക്കുന്നു.

കണ്ണിൽ കടക്കുന്ന പൊടിയോ തരിയോ മിക്കവാറും കൺപോളകളിൽ പററിനിൽക്കും. അപ്പോൾ കണ്ണു തിരുമ്മിയാൽ അതു് കണ്ണിൻെറ വെള്ളയിലോ കൃഷ്ണമണിയിലോ ഉരഞ്ഞു പോറലുണ്ടാകാം. അതുകൊണ്ട് മുകളിലത്തെ കൺപോള പതുക്കെ ഉയർത്തിപ്പിടിച്ച് കൃഷ്ണമണി ഉരുട്ടാൻ ശ്രമിക്കുക; കണ്ണീരോട്ടുകൂടി ആ കരട് പുറത്തേക്ക് വരും. പിന്നീട് ശുദ്ധമായ വെള്ളം കൊണ്ട് കണ്ണു വൃത്തിയായി കഴുകണം. കരടു പുറത്തു കളയാൻ കഴിയുന്നില്ലെങ്കിൽ ഉടനെ ഡോക്ടറെ സമീപിക്കുക.

കണ്ണിന്നു് അടിയോ പരിക്കോ പററിയാൽ വൃത്തിയുള്ള തുണി നനച്ച് കണ്ണിനുമേൽ വയ്ക്കുക, പിന്നീട് നല്ലപോലെ കഴുകി തുടയ്ക്കുക.

മുഖം കഴുകിയശേഷം കണ്ണും മുഖവും തുടയ്ക്കാൻ സ്വന്തം തോർത്തോ ടൌവ്വലോ ഉപയോഗിക്കുന്നതാണ് നല്ലതു്. മററു ള്ളവരുടെ തോർത്തുപയോഗിച്ചാൽ കണ്ണിന് വല്ല പകർച്ച രോഗവും പിടിപെടാനിടയുണ്ട്. കണ്ണുവേദനയോ കണ്ണിനു ചുവപ്പോ വന്നാൽ സ്വയം ചികിത്സിക്കാൻ തുനിയരുതു്. റോഡരുകിൽ കുത്തിയിരിക്കുന്ന *സുർമ്മ*ക്കാരുടെ മരുന്നുകൾ കണ്ണിൽ പുരട്ടുന്നതും നല്ലതല്ല. കണ്ണിനു എന്തു ദീനം വന്നാലും ഡോക്ടറെ സമീപിക്കുന്നതാണ് ഉചിതം. ഇടയ്ക്കിടെ കണ്ണു പരിശോധിക്കേണ്ടതും ആവശ്യമാണ്.

ചെവി :

നാം ദിവസേന കണ്ടും കേട്ടും പലതും പഠിക്കുന്നു. കാണാൻ കണ്ണ് ഉപയോഗിക്കുന്നതു പോലെ കേൾക്കാൻ സഹായിക്കുന്നതു് ചെവിയാണ്. ചെവികൊണ്ടാണ് നമ്മൾ പാട്ടുകേട്ടു രസിക്കുന്നതു്; പ്രസംഗങ്ങളും വാർത്തകളും കേട്ട് അറിവ് നേടുന്നതു്; അന്യരുമായി സംസാരിച്ചു് കാര്യങ്ങൾ മനസ്സിലാക്കുന്നതു്. ജന്മനാ ചെവി കേൾക്കാൻ വയ്യാത്തവർക്ക് സംസാരിക്കാനും സാധിക്കില്ല.

ചെവിക്കുള്ളിലുള്ള ദ്വാരത്തിൽ എണ്ണമയം കലർന്ന ഒരു സാധനം പുരണ്ടുകിടക്കുന്നു. മെഴുക് എന്നറിയപ്പെടുന്ന ഇതു് കാതിനുള്ളിൽ പൊടിതരികൾ കടന്നുപോകാതെ സൂക്ഷിക്കുന്നു. പെൻസിലോ, ചെവിത്തോണ്ടിയോ ഉള്ളിലേക്ക് കടത്തി ഈ മെഴുക് ചുരണ്ടിയെടുക്കുന്ന പലരെയും നിങ്ങൾ കണ്ടിരിക്കും. ഇതു് ചെവി വേദനക്ക് കാരണമാകാം; ചെവിയിൽ വ്രണമുണ്ടാക്കാം; അല്ലെങ്കിൽ ചെവി പൊട്ടിപ്പോകുന്നതിനും കാരണമായിത്തീരാം.

കുട്ടികൾ കളിച്ചുകൊണ്ടിരിക്കുന്നതിനിടക്ക് ചെവിക്കുള്ളിൽ പയർമണിയോ, ചെറിയ കല്ലോ, മറെറാ കടന്നുപോയെന്നു വരാം. ഈച്ചയോ ചെറിയ പാററയോ ചെവിയിലേക്ക് കടന്ന് വല്ലാത്ത വേദനയുണ്ടാക്കാം! കൂർത്ത കോലോ, കമ്പിയോ കൊണ്ടു് അതെടുക്കാൻ നോക്കിയാൽ

അതു് വീണ്ടും ഉള്ളിലേക്കു് പോകും. ലേശം എണ്ണയോ, സ്പിരിട്ടോ ഒഴിച്ചാൽ ജീവി ചത്തുപോകും; വേദന തീരുകയും ചെയ്യും. വെള്ളമൊഴിച്ചാൽ ഉള്ളിൽക്കടന്ന പയർമണി വീർത്തു് ചെവിയുടെ ദ്വാരം അടയ്ക്കും. അതുകൊണ്ടു് ചെവിവേദന കൂട്ടുകയും, ഒരുപക്ഷെ ചെവി കേൾക്കാതാവുകയും ചെയ്യാം.

ചെവിയുടെ നടുവിലൂടെ നേരെയുള്ള ദ്വാരം മൂക്കിനോടും തൊണ്ടയോടും ബന്ധിക്കുന്നു. ജലദോഷം പിടിപെട്ടാൽ മൂക്കിൽ നിന്നും തൊണ്ടയിൽ നിന്നും വരുന്ന അണുക്കൾ ഈ ദ്വാരത്തേയും ബാധിക്കാനിടയുണ്ടു്.

മൂക്കു് :

മുഖത്തിന്നു് ഭംഗി നൽകുന്നതിൽ മൂക്കിന്നു് പ്രധാനപ്പെട്ട സ്ഥാനമുണ്ടു്. അഭിമാനത്തിന്റെ ചിഹ്നമായിക്കരുതപ്പെടുന്ന മൂക്കു് മനുഷ്യശരീരത്തിലെ ഒരു പ്രധാന അവയവമാണു്.

മൂക്കു കൊണ്ടാണു് നാം ശ്വാസം ഉള്ളിലേക്കു വലിക്കുകയും പുറത്തേക്കു വിടുകയും ചെയ്യുന്നതു്. വായകൊണ്ടു് ശ്വസിച്ചാൽ തൊണ്ടയിലും നെഞ്ചിലും പല രോഗങ്ങൾ ഉണ്ടാകും.

മൂക്കുകൊണ്ടാണു് നാം മണത്തറിയുന്നതു്. മൂക്കുകൊണ്ടു് നമുക്കു് സ്വരം മാററി പാടാനും സംസാരിക്കാനും സാധിക്കും. ജലദോഷം പിടിച്ചു മൂക്കടയുമ്പോൾ സ്വരം മാറുക സാധാരണമാണല്ലൊ!

മൂക്കിനുള്ളിൽ പിൻഭാഗത്തായി നൂലിഴപോലെ പല നിരകൾ ഉണ്ടു്. അവ അരിപ്പപോലെ പ്രവർത്തിച്ചു് അണുക്കളെ ഉള്ളിലേക്കു് കടക്കാതെ സൂക്ഷിക്കുന്നു.

തണുപ്പു തട്ടുമ്പോൾ മൂക്കിന്റെ ഉൾഭിത്തി അല്പം ചീർക്കുന്നു, ശ്വാസം കഴിക്കുവാൻ പ്രയാസമുണ്ടാകുന്നു. അതോടൊപ്പം മൂക്കൊലിപ്പും ഉണ്ടാകും. ഈ സ്ഥിതി രണ്ടു മൂന്നു ദിവസത്തിന്നകം മാറിയില്ലെങ്കിൽ സൂക്ഷിക്കേണ്ടതാണു്. കൂടെക്കൂടെ ജലദോഷം പിടിപെട്ടാൽ ഡോക്ടറെ സമീപിക്കുക.

അഭിമാനം

അദ്ധ്വാനിക്കുവതഭിമാനം;
അലസതയായാൽ അപമാനം.
ജോലികളെന്തും മാന്യതയാം;
ചൂഷണമായാൽ ദോഷവുമാം.
വയലിൽ പണിയും കർഷകനും,
തൊഴിൽ ചെയ്തീടും കൂലികളും,
നാടു ഭരിയ്ക്കും മന്ത്രികളും,
ജോലിയിൽ ഒപ്പം നിൽക്കുന്നോർ.
ആർക്കും സങ്കടമേകാതെ
വേലയെടുക്കണമെല്ലാരും.
സ്വന്തം നന്മ വരുത്തീടാൻ
അന്യനെ ദ്രോഹിച്ചീടൊല്ല.

(കെ. കെ. സി. നായർ)

ചില വാക്കുകളുടെ അർത്ഥം:

അഭിമാനം	—	അന്തസ്സ്
അലസത	—	മടി
ചൂഷണം	—	അന്യായമായ മുതലെടുപ്പ്
മാന്യതയാം	—	മാന്യതയാണ്

വാക്കുകളുടെ ചേർച്ച നോക്കുക:

അദ്ധ്വാനിക്കുവത്	+	അഭിമാനം
അലസത	+	ആയാൽ
സങ്കടം	+	ഏകാതെ
വേല	+	എടുക്കണം

ലഹരിക്കുശേഷം



"നാലുകുപ്പി കള്ളു തായോ" കീറിനാറിയ സഞ്ചിയും കാശും ഷാപ്പിനകത്തേയ്ക്കു നീട്ടിക്കൊണ്ട് ബാബു പറഞ്ഞു.

കാശു വാങ്ങി, കള്ളുകുപ്പികൾ സഞ്ചിയിലാക്കി അവന്റെ കയ്യിൽ കൊടുത്തുകൊണ്ട് ഷാപ്പുകാരൻ പോൾ ചോദിച്ചു. "ഇന്നു തൻറപ്പൻ റപ്പേലേട്ടനു് കോളുകിട്ടി എന്നു തോന്നുന്നുണ്ടല്ലൊ. ആരുടെ ചെലവാ?"

ബാബു ഒന്നും മിണ്ടാതെ കള്ളുകുപ്പികൾ നിറച്ച സഞ്ചിയുമായി പുറത്തിറങ്ങി നടന്നു. അതാ അന്തോണിച്ചേട്ടൻറെ ചായക്കടയിൽ നിന്നു പാട്ടു കേൾക്കുന്നു. ഗാനലഹരിയിൽ

മതിമറന്ന ബാബു ചായക്കടയുടെ മുമ്പിൽ മിഴിച്ചു നിന്നു പോയി. വീട്ടിൽ അപ്പനും കൂട്ടുകാരും കള്ളിനുവേണ്ടി കാത്തിരിക്കുമെന്നു് പെട്ടെന്നു് ഓർമ്മവന്നപ്പോൾ അവൻ ഇടവഴിയിൽക്കൂടി വേഗം നടന്നു. മുമ്പുകേട്ട പാട്ടിന്റെ നാദശകലങ്ങൾ അവന്റെ മനസ്സിൽ ചുററിത്തിരിഞ്ഞിരുന്നു.

വീട്ടിനടുത്തെത്തിയപ്പോൾ അപസ്വരത്തിലൊരു പാട്ടു കേട്ടുതുടങ്ങി.

"തൊങ്കത്തരികിട—തൊങ്കത്തരികിട

തിങ്ങിനാം തക തിത്തിത്തൈ—"

ഈ പാടുന്നതു് അവന്റെ അപ്പൻ റപ്പേലേട്ടനാണു്. ബാബു ജനാലയ്ക്കു പിന്നിൽ പതുങ്ങിനിന്നു നോക്കി. ഒരു കുപ്പി ചാരായം കുടിച്ചിട്ടാണു് ചവിട്ടുനാടകക്കാരനായ അപ്പൻ പാടുന്നതു്. അപ്പന്റെ കൂട്ടുകാർ കൈകൊട്ടി ആടി കുഴഞ്ഞുകൊണ്ടു് ഈ പാട്ട് ഏററു പാടാൻ ശ്രമിക്കുന്നു. പക്ഷെ കുടിച്ചു മദിച്ചുകിടക്കുന്നതുകാരണം അവരുടെ സ്വരം വഴുതിവഴുതിപ്പോകുന്നു. അവിടെ കല്ലാശാരി രാമകൃഷ്ണനും, പെട്ടിക്കടയിലെ ഔസേപ്പും, മരക്കടയിൽ നിൽക്കുന്ന വക്കച്ചനും, ലോറിഡ്രൈവർ കുട്ടപ്പനും എല്ലാം താളംപിടിച്ചു് കുഴഞ്ഞാടുന്നു.

അന്നത്തെ ദിവസം ചെലവുചെയ്യുന്ന ഡ്രൈവർ കുട്ടപ്പൻ പെട്ടെന്നു് സ്വരമുയർത്തി "എവ്ടെ റപ്പേലേട്ടാ തന്റെ ക്ടാത്തൻ?"

അപ്പൻ കണ്ണുമിഴിച്ചു് ചുററും നോക്കി. എന്നിട്ട് അലറി. "എടാ വാവൂ!"

ബാബുവിന്റെ ഭയന്നു വിറങ്ങലിച്ച മുഖം ജനൽപ്പഴുതിൽക്കൂടെ കണ്ടു് അപ്പൻ തന്റെ കണ്ണുകൾ കൂർപ്പിച്ചുചോദിച്ചു, "കൊണ്ടന്നോടാ?"

ഞെട്ടിവിറച്ചുകൊണ്ട് ബാബു തന്റെ മുഖം അനക്കി. അപ്പൻ പിന്നെയും അലറി, "എന്നിട്ടെന്തിനാടാ അവിടെ അങ്ങനെ നോക്കിനിക്കണേ? ഇങ്ങടകത്തേയ്ക്ക് കൊണ്ടുവായോടാ"

വിറച്ചുവിറച്ച് പരുങ്ങിപ്പതുങ്ങി അവൻ മുറിയിലേയ്ക്കു കയറി. അപ്പന്റെ കൂട്ടുകാരിലൊരാൾ സഞ്ചി പെട്ടെന്നു കടന്നുപിടിച്ചു; അതിൽ നിന്നു് ഒരു കുപ്പി വലിച്ചെടുത്ത് ഗ്ലാസ്സുകൾ നിറച്ചു. അപ്പൻ ഒരു ഗ്ലാസ്സ് കയ്യിലെടുത്തു. ഒററ മോന്തുകൊണ്ട് ഗ്ലാസ്സ് വററിക്കലും കഴിഞ്ഞു.

കൂട്ടുകാരിലൊരാൾ ബാബുവിനോടു പറഞ്ഞു, "എടാ, നിന്റെ...നിന്റെ പെങ്ങളുണ്ടോടാ അവിടെങ്ങാനും...മീൻ കറീം കൊണ്ടിങ്ങ് വരാൻപറ."

മിണ്ടാതെ മിഴിച്ചുനിൽക്കുന്ന ബാബുവിനോട് അപ്പൻ കല്പിച്ചു, "എന്താടാ പിന്നേം ഇങ്ങനെ നോക്കി നിൽക്കുന്നതു്? അപ്പുറത്തുപോയി കറീണ്ടെങ്കി കൊണ്ടാടാ"

അവൻ അപ്പുറത്തേയ്ക്കു നടന്നു. അവിടെ പുറത്തേയ്ക്കുള്ള കതകും ചാരി അവന്റെ ചേച്ചി നിന്നിരുന്നു. അവിടവിടെ കീറിയ പാവാടയും പിഞ്ഞിയ ബ്ലൌസും ധരിച്ചു നിന്നിരുന്ന അമ്മിണി അവനെ ദയനീയമായി നോക്കിക്കൊണ്ടു പറഞ്ഞു, "കഞ്ഞിവെയ്ക്കാൻ കുറച്ചരി അങ്ങേന്നു് കടം മേടിച്ചതാണ്. ഇവിടെങ്ങനെയാ കറിയുണ്ടാവുക?"

അമ്മിണിയുടെ നിറഞ്ഞ കണ്ണുകൾ കണ്ടിട്ട് അവന്നു് വല്ലാത്ത വിമ്മിഷ്ടം തോന്നി. തിരിച്ചുവന്നു് പതുങ്ങിനിന്നുകൊണ്ട് അവൻ കറി ഒന്നുമില്ലെന്നറിയിച്ചു. മീശക്കൊമ്പൻ കുട്ടപ്പൻ അലറി, "അവളവിടെ മാലഖചമഞ്ഞു നില്ക്കുന്നോ? അവളോടിങ്ങ് പോരാൻ പറേടാ"

വേറൊരാൾ തുടർന്നു പറഞ്ഞു, "അറിയാമോടാ, നിന്റെ അമ്മച്ചിയെ ഒററച്ചവിട്ടിനു നിന്റെ ഈ ഇരിയ്ക്കുന്ന അപ്പൻ കൊന്നു കഴിച്ചിട്ടതാണ്"

അപ്പൻെറ നിഷ്ഠുരമായ മുഖത്തേയ്ക്ക് അവൻ പകച്ചു നോക്കി.

പാട്ട് പിന്നെയും തുടർന്നു. കുപ്പികൾ ഓരോന്നായി കാലിയായിത്തുടങ്ങി.

അവസാനം സന്ധ്യയായി. അപ്പൻെറ ചവിട്ടുനാടകം തുടരുകയാണ്—കൂട്ടുകാരുടെ കൈകൊട്ടിക്കളിയും. ബാബു അടുക്കളയിലേയ്ക്കു കടന്നുചെന്നു. അമ്മിണി കരഞ്ഞുകൊണ്ടു നിൽക്കുകയാണ്. ചേച്ചിയുടെ പാവാടയിൽ പിടിച്ചു തൂങ്ങിക്കൊണ്ട് അവൻ കരഞ്ഞു, "വെശക്കുന്നു ചേച്ചീ. ഇത്തിരി കഞ്ഞി തരോ?"

കാലത്തുണ്ടാക്കിയ കഞ്ഞിയുടെ കലത്തിൽ നിന്നു് വററു മാത്രം ഊററിയെടുത്തു് ഒരു പിഞ്ഞാണത്തിലാക്കി അവൾ പറഞ്ഞു "എൻെറ മോൻ കഴിച്ചോ, ഇന്നിത്രേയുള്ളു." ആർത്തിയോടുകൂടി അതവൻ കുടിച്ചു. ചേച്ചി വല്ലതും കഴിച്ചോ എന്നു ചോദിക്കാൻ ഭാവിച്ചപ്പോഴേയ്ക്കും അപ്പുറത്ത് ശബ്ദകോലാഹലങ്ങൾ ഉയർന്നു.

ചേച്ചി വിരിച്ചുകൊടുത്ത കീറിയ പായയിൽ അവൻ കിടന്നു. ക്ഷീണവും ഭയവും എല്ലാംകൂടി അവൻെറ മനസ്സിനെ വല്ലാതെ ഇളക്കി. ഉറങ്ങാൻ തുടങ്ങുമ്പോഴേയ്ക്കും ചവിട്ടും പാട്ടും കേട്ടുകൊണ്ട് അവൻ ഉണരും. അതിനിടയിൽ അമ്മിണി അവനോടുരുമ്മിവന്നു കിടന്നതും അവനറിഞ്ഞു. പിന്നെ ഉറങ്ങിപ്പോയി.

രാത്രി ഞെട്ടി ഉണർന്നപ്പോൾ അപ്പുറത്തു് ചേച്ചിയുടെ ശ്വാസംമുട്ടിയുള്ള ഞരങ്ങലുകൾ കേട്ടു. അവൻ പിടഞ്ഞെഴുന്നേൽക്കാൻ നോക്കി. കനത്ത രണ്ടു കാലുകൾ കൊണ്ട് ആരോ അവനെ അമർത്തിപ്പിടിച്ചിരുന്നു. ഇരുട്ടിൽ ഒന്നും കാണാൻ കഴിഞ്ഞില്ല. അനങ്ങാനും സാധിച്ചില്ല. അവൻ ഉറക്കെ ഒച്ചയിടാൻ ശ്രമിച്ചു. അപ്പോഴേയ്ക്കും ആരോ അവൻ്റെ

വായ അമർത്തിപ്പിടിച്ചു. അപ്പുറത്ത് അമ്മിണിയുടെ തേങ്ങലുകളും കിതപ്പുകളും ഇടവിട്ടിടവിട്ട് കേട്ടു. അമ്മിണി കിതച്ചുകൊണ്ട് കെഞ്ചുകയായിരുന്നു, "അയ്യോ, ശ്വാസം മുട്ടുന്നേയ്. എന്നെ കൊല്ലരുതേ–"

പിന്നെയും ചലനങ്ങളും, ശബ്ദങ്ങളും, കിതപ്പും തേങ്ങലുകളും. എത്രനേരം അതാവർത്തിച്ചു എന്നവന്ന് അറിയാൻ കഴിഞ്ഞില്ല. അവന്നു് ഞരങ്ങാൻപോലും സാധിച്ചില്ല. വളരെനേരം കഴിഞ്ഞു. എല്ലാം നിലച്ചു. ബാബു ആലോചിച്ചു — എല്ലാവരും മരിച്ചോ? പിന്നെ അവൻ ക്ഷീണം കൊണ്ട് തളർന്ന് മയങ്ങി.

കിളികളുടെയും കാക്കകളുടെയും കരച്ചിൽ കേട്ടുകൊണ്ടാണു് ബാബു കണ്ണുമിഴിച്ചതു്. അവൻ തൊട്ടടുത്ത പായയിലേയ്ക്കു നോക്കി. അത് ഒഴിഞ്ഞുകിടക്കുന്നു. ചേച്ചി എന്നും ഉടുക്കാറുള്ള കീറിയ പാവാടയുടെ ഒരു കഷ്ണം മാത്രം അവിടെ കിടന്നിരുന്നു. അവൻ വിളിച്ചു "ചേച്ചീ, ചേച്ചീ." ചേച്ചി വിളി കേട്ടില്ല.

അവൻ അപ്പുറത്തേയ്ക്ക് ഓടിച്ചെന്നു. കാലിയായ കള്ളുകുപ്പികൾക്കിടയിൽ അപ്പൻ മലന്നുകിടന്ന് കൂർക്കം വലിയ്ക്കുകയായിരുന്നു. അവൻ മുററത്തേയ്ക്കോടി ഉറക്കെ വിളിച്ചു "ചേച്ചീ, ചേച്ചീ...."

ആരും വിളി കേട്ടില്ല. പിന്നെ ഒരിക്കലും അവൻെറ ചേച്ചി തിരിച്ചുവന്നില്ല.

(വി. ടി. നന്ദകുമാറിനോട് കടപ്പാട്)

തകർന്ന കുടുംബം

(ഗ്രാമത്തിൽ ഒരാൽത്തറ. അതിന്മേൽ കുറുപ്പ് ഇരിക്കുന്നു. ഗോപാലൻ ആ വഴി പോകുന്നു.)

കുറുപ്പ്—(കൈകൊട്ടിക്കൊണ്ട്) ഗോപാലാ, ഇവിടെ വരൂ. (ഗോപാലൻ വരുന്നു. ഇരിക്കുന്നു) കേട്ടോ വർത്തമാനം? ആ കുടുംബത്തിന്റെ കാര്യേയ്. പത്തു കൊല്ലം മുമ്പ് ആ രാമകൃഷ്ണൻ എന്തു യോഗ്യനായിരുന്നു? ഇന്നോ? ഞാൻ ദാ ആസ്പത്രിയിൽനിന്ന് വരുകയാണ്. ദീനം അധികമാണ്. ക്ഷയമാണല്ലൊ, രോഗം. എണീററ് നടക്കാൻ വയ്യാതായി. വൈകുന്നേരമായാൽ പനി വരും. രാത്രി ഉറക്കമേയില്ല. ഭക്ഷണമൊന്നും ചെല്ലുന്നില്ല. ചുമ തുടങ്ങിയാൽ നീണ്ടു നിൽക്കും. ചുമച്ചു തുപ്പുന്നതെല്ലാം ചോരക്കട്ടയും കഫവുമാണ്. കഷ്ടം തോന്നും. ആ മനുഷ്യൻ തകർന്നു. ഇനി മരണത്തെ കാത്തുകൊണ്ടിരിക്കുകയേ നിവൃത്തിയുള്ളു. പക്ഷെ ഒരു ജീവിതം മാത്രമല്ലല്ലൊ തകരുന്നത്. ഏഴു കുട്ടികളും ഭാര്യയും അയാളോടൊപ്പം വീഴും.

ഗോപാലൻ—കേട്ടു, കേട്ടു. വലിയ കഷ്ടം തന്നെ. ആ കുട്ടികളുടെ മുഖം കണ്ടാൽ കരച്ചിൽ വരും. ആ സ്ത്രീയുടെ മുഖത്തു് ലോകത്തിലുള്ള എല്ലാ വേദനകളും കൂടി നില്ക്കുകയാണ്. അവരും എന്തു മുഖശ്രീയും ആരോഗ്യവുമുള്ള സ്ത്രീയായിരുന്നു, എത്ര വേഗത്തിൽ മാറി? രാമകൃഷ്ണൻ അവരുടെ ഭംഗി കണ്ടു് കല്ല്യാണം കഴിച്ചതാണ്. സാധു കുടുംബത്തിലെയാണ്.

കുറുപ്പ്—ഇക്കാലങ്ങളിൽ കുടുംബം വലുതാവുംതോറും സുഖങ്ങൾ കുറഞ്ഞുവരുന്നു. പഴയ കാലത്തെ പല ചിത്രങ്ങളുമാണ് നമ്മുടെ കണ്ണിലുള്ളത്. കുഞ്ചുണ്യമ്മാവന് 14 മക്കളുണ്ടായിരുന്നു, 12 പേർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. കല്യാണിമുത്തശ്ശി പത്തു പെററു. എന്നിട്ടും മരിക്കുമ്പോൾ എന്തൊരാരോഗ്യമായിരുന്നു! അതൊക്കെ പഴയ കാലമാണ്. അന്നൊക്കെ കുട്ടികളെ പോററുക വിഷമമുള്ള കാര്യമായിരുന്നില്ല. സമൃദ്ധിയുടെ കാലം! ജീവിതാവശ്യങ്ങൾ കുറവ്. സുഖമായി ജീവിതം കഴിച്ചുകൂട്ടുവാൻ അവർക്കു കഴിഞ്ഞിരുന്നു. ഇന്നത്തെ നില അതല്ലല്ലൊ.


ഗോപാലൻ—പലതും അങ്ങനെ സംഭവിക്കുകയാണ്. ചില സമയങ്ങളിൽ മനുഷ്യൻ മേലുകീഴാലോചിക്കുകയില്ല. അല്ലെങ്കിൽ, രാമകൃഷ്ണന്റെ കാര്യത്തിൽ, ചില മുൻകരുതലുകളെടുത്താൽ മതിയായിരുന്നു. ഇന്നത്തെ കാലത്ത് ഒരു കുടുംബത്തിൽ ഒന്നോ രണ്ടോ കുട്ടികളേ ആകാവൂ. പ്രത്യേകിച്ച് രാമകൃഷ്ണനെപ്പോലെ അധികം വരവില്ലാത്ത ഒരാൾക്ക്, ഒരു കുട്ടിയെപ്പോലും പോററി വളർത്താൻ പ്രയാസം. കുട്ടികളുണ്ടാവുന്നതു തടയാൻ എളുപ്പമാണ്. പെററു കഴിഞ്ഞ ഉടൻ ഒരു ചെറിയ ഓപ്പറേഷൻ മതി, പിന്നെ കുട്ടികളുണ്ടാവുകയേയില്ല. അതല്ലെങ്കിൽ പുരുഷന്മാർക്കുമുണ്ട് ഓപ്പറേഷൻ. കൂടാതെ ഒരു തരം ഗുളികകളുണ്ട്. ഫാമിലി പ്ലാനിങ്ങ് ആഫീസർ എല്ലാ വിവരങ്ങളും തരും. ആസ്പത്രിയിൽ അന്വേഷിച്ചാൽത്തന്നെ വിവരങ്ങൾ കിട്ടും.


കുറുപ്പ്—അതേയ്, അതുതന്നെയാണ് ഞാനും പറയുന്നത്. രാമകൃഷ്ണന്റെ രോഗകാരണം കുടുംബസംഖ്യ കൂടിയതാണ്. കുടുംബത്തിൽ ആളുകൾ കൂടുമ്പോൾ അത്രയുംക


ണ്ടു് ഭക്ഷണത്തിനു് — നല്ല ഭക്ഷണത്തിനു് — ക്ഷാമം വരും. പോഷകാംശങ്ങൾ ഉള്ള ഭക്ഷണം അകത്തു ചെന്നാലല്ലേ ശക്തിയുണ്ടാവൂ. അതു കുറയുംതോറും മനുഷ്യന്റെ ശരീരബലം കുറയുന്നു. ബലം കുറഞ്ഞ മനുഷ്യരെയാണു് രോഗങ്ങൾ വേഗം പിടികൂടുന്നതു്.

ഗോപാലൻ—എന്തു ചെയ്യാം! പശ്ചാത്താപത്തിനുള്ള സമയം വൈകി.

കുററവും കുറവും







(ഇരുനൂറിൽപ്പരം കൊല്ലങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന കുഞ്ചൻ നമ്പ്യാർ ധാരാളം തുള്ളൽപ്പാട്ടുകൾ എഴുതിയ കവിയാണ്. പുരാണകഥകളെ അടിസ്ഥാനമാക്കി എഴുതിയ തുള്ളൽപ്പാട്ടുകളിൽ, സാധാരണ ജനങ്ങളെപ്പററിയുള്ള വളരെയേറെ കാര്യങ്ങൾ അദ്ദേഹം സരസമായി വിവരിച്ചിട്ടുണ്ട്. മനുഷ്യരുടെ കുററങ്ങളെയും കുറവുകളെയും പററിയാണ് ഇവിടെ പറയുന്നത്)





ലക്ഷം മാനുഷർ കൂട്ടമ്പോളതി
ലക്ഷണമുള്ളതിലൊന്നോ രണ്ടോ.
ഉടലതിരമ്യമൊരുത്തനു, കാൽക്കൊരു
മുടവുണ്ടവനു നടക്കുന്നേരം.
മറെറാരു പുരുഷൻ സുന്ദരനെങ്കില്ല-
മൊററക്കണ്ണനതായതു ദോഷം.
ചേർച്ചകൾ പലതുണ്ടൊരുവനു; കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരു ദോഷം.
നല്ലൊരു വിദ്വാനവനുടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല.
പല ഗുണമുണ്ടൊരു പുരുഷനവൻെറ
തലമുടിയൊക്കെ നരച്ചു വെളുത്തു.
തിലകക്കുറിയും ചൊടിയും കൊള്ളാം
തലയിലവന്നൊരു രോമവുമില്ല.
കണ്ടാൽ നല്ലൊരു പുരുഷനവന്നു
വേണ്ടാസനവും കോപവുമേറും,
കണ്ട ജനത്തൊടു ശുണ്ഠി കടിയ്ക്കും
രണ്ടാം വാക്കിനു കേറിയടിയ്ക്കും.


ചില വാക്കുകളുടെ അത്ഥം:

മാനുഷർ—മനുഷ്യർ; രമ്യം—സന്തോഷകരം; കിഞ്ചിൽ—കുറച്ച്; അതി—വളരെ;

വാക്കുകളുടെ ചേർച്ച നോക്കുക:

കൂട്ടമ്പോൾ+അതി; ലക്ഷണം+ഉള്ള; ഉടൽ+അതിരമ്യം; കാൽക്ക്+ഒരു; മുടവുണ്ട്+അവനു; മററ്+ഒരു; സുന്ദരൻ+എങ്കിലും; ഒററ+കണ്ണൻ; അതു്+ആയതു്; ഉണ്ട്+ഒരുവനു്; ഉണ്ട്+എന്നു്+ഒരു; വിദ്വാൻ+അവനുടെ; പല്ലുകൾ+ഒന്നും; തലമുടി+ഒക്കെ; തിലക+കുറി; തലയിൽ+അവന്നു്+ഒരു; കോപവും+ഏറും

പത്രം കഥ പറയുന്നു



ഞാൻ വർത്തമാനപ്പത്രമാണ്. നിങ്ങളുടെ മുമ്പിൽ ഞാൻ അണിഞ്ഞൊരുങ്ങിവന്നെത്തിയതു് എങ്ങനെയെന്നറിയണ്ടേ?

വർത്തമാനപ്പത്രമാകുന്നതിന്നുമുമ്പ് ഞാൻ വെറും കടലാസ്സായിരുന്നു. വലിയ വീപ്പകളോളമുള്ള ഒരു കടലാസ്സുചുരുളിൻെറ ഭാഗമായിരുന്നു ഞാൻ. വർത്തമാനപ്പത്രം അച്ചടിക്കുന്ന പ്രസ്സിൽ വേറെയും കടലാസ്സുചുരുളുകളോടൊപ്പം കുറച്ചു ദിവസം ഞാൻ കഴിച്ചുകൂട്ടി. പ്രസ്സിലെ യന്ത്രങ്ങളുടെ ഒച്ചപ്പാടുകൾകൊണ്ട് ചെവി പൊട്ടിപ്പോകുമെന്ന ഭയമായിരുന്നു അന്നെല്ലാം. അതുകൊണ്ടുതന്നെ അവിടെ നടക്കുന്ന ഒച്ചപ്പാടുകൾ എന്താണെന്നറിയാൻ എനിക്കു കഴിഞ്ഞില്ല.

പ്രസ്സിലെ ജോലിക്കാർ എൻെറ അടുത്തു കിടന്നിരുന്ന കടലാസ്സുചുരുളുകൾ ഓരോ ദിവസവും ഉരുട്ടി നീക്കിക്കൊണ്ടുപോകുന്നതു് ഞാൻ കണ്ടു. അവസാനം എൻെറ ഊഴം വന്നു. രണ്ടു ജോലിക്കാർ, ഞാൻ ഉൾപ്പെട്ട കടലാസ്സുചുരുളുകൾ ഉരുട്ടി വലിയൊരു യന്ത്രത്തിനുമുമ്പിൽ കൊണ്ടിട്ടു.

ആ വലിയ യന്ത്രം അപ്പോൾ അനങ്ങാതെ കിടക്കുകയായിരുന്നു. വലിയ പത്തായത്തോളമുള്ള കറുത്ത ഒരു സാധനം. ആ യന്ത്രത്തിൻെറ ചുമതലക്കാരനെന്നു തോന്നിച്ച ഒരാൾ പറഞ്ഞതനുസരിച്ച് ഞാൻ ഉൾപ്പെട്ട കടലാസ്സുചുരുളിനെ ഒരു അച്ചുതണ്ടിൽ ഉറപ്പിച്ചു. രണ്ടുമൂന്നു പ്രാവശ്യം ആ അച്ചുതണ്ടിൽ ഞങ്ങളെ കറക്കിയശേഷം ജോലിക്കാർ പോയി. അന്നു രാത്രി പത്തുമണി കഴിഞ്ഞപ്പോൾ ആ ഭീമൻ യന്ത്രം വലിയ ഇരമ്പത്തോടെ പ്രവർത്തിക്കാൻ തുടങ്ങി. ഒരാൾ വന്ന് ഞാൻ ഉൾപ്പെട്ട കടലാസ്സുചുരുളിൻെറ അററം ആ യന്ത്രത്തോടു ഘടിപ്പിച്ചു. തുടർന്ന്, യന്ത്രം കടലാസ്സു വലിച്ചെടുക്കാൻ തുടങ്ങി. അതോടെ കടലാസ്സ് മൊത്തത്തിൽ അച്ചുതണ്ടിൽ കിടന്നു കറങ്ങുകയായി. യന്ത്രത്തിൻെറ ഒച്ചയും ചുരുളിൻെറ കറക്കവും കൊണ്ട് ഞാൻ ആകെ അന്ധാളിച്ചുപോയി. എന്നോട് തൊട്ടുണ്ടായിരുന്ന കടലാസ്സ്, യന്ത്രത്തിലേക്കു നീങ്ങുന്നതു് ഞാൻ കണ്ടു. അടുത്ത നിമിഷ

ത്തിൽ ഞാനും നീങ്ങുകയായി. പേടിയും പരിഭ്രമവുംകൊണ്ട് എൻെറ ബോധം മറയുന്നെന്നു തോന്നി.

തുടർന്ന് എന്താണു സംഭവിച്ചതെന്നറിയില്ല. ഇടുങ്ങിയ ഏതോ ഇടനാഴിയിലൂടെ എന്നെ ഞെക്കിഞെരുക്കി വലിച്ചു കൊണ്ടുപോകുന്ന മട്ടായിരുന്നു. ഞൊടിയിടയ്ക്കുള്ളിൽ എല്ലാം തീർന്നു. നാലായി മടക്കിയ ഒരു വർത്തമാനപ്പത്രമായി ഞാൻ താഴെ വീണു. എൻെറ മേൽ വേറെയും പത്രങ്ങൾ വന്നു വീഴാൻ തുടങ്ങി. പെട്ടെന്നാണ് ഒരു പയ്യൻ വന്ന് എന്നെയും മററൊരു പത്രത്തെയും എടുത്തുകൊണ്ടുപോയത്.

ഞങ്ങളെ ഒരു മേശപ്പുറത്തു കൊണ്ടുവെച്ചിട്ട് പയ്യൻ പോയി. അവിടെ ഉറക്കമിളച്ചിരുന്ന ഒരാൾ താല്പര്യത്തോടെ എന്നെ എടുത്തു നിവർത്തി. ഒരു അച്ഛൻെറ വാത്സല്യഭാവത്തോടെ അദ്ദേഹം എൻെറ ഓരോ ഭാഗവും പരിശോധിച്ചു. ഞാൻ ചോദിച്ചു:

"എന്നെ ഇങ്ങനെ സൂക്ഷിച്ചുനോക്കുന്ന നിങ്ങൾ ആരാണ്?"

അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: "ഞാനാണ് നിൻെറ എഡിററർ. നിനക്ക് ഈ രൂപം നൽകി വർത്തമാനപ്പത്രമാക്കിയതു ഞാനാണ്."

അപ്പോൾ ഞാൻ എൻെറ ശരീരം നോക്കി. കറുത്ത അക്ഷരങ്ങൾ ദേഹത്തു പതിഞ്ഞിരിക്കുന്നതു കണ്ട് എനിക്ക് സങ്കടം തോന്നി. "എൻെറ ദേഹത്തെല്ലാം ഈ കാണുന്നതെന്താണ്?"

"അതെല്ലാം വാർത്തകളും, ലേഖനങ്ങളും പരസ്യങ്ങളും മററും അച്ചടിച്ചിരിക്കുന്നതാണ്. ഈ വാർത്തകൾ ഉള്ളതുകൊണ്ടാണ് നീ എല്ലാവർക്കും പ്രിയപ്പെട്ട വർത്തമാനപ്പത്രമായതു്" അദ്ദേഹം പറഞ്ഞു.

എല്ലാവരും എന്നെ ഇഷ്ടപ്പെടുന്നുവെന്നറിഞ്ഞപ്പോൾ എനിയ്ക്കു സന്തോഷമായി. എങ്കിലും ഞാൻ ചോദിച്ചു "ആളുകൾ എന്നെ ഇഷ്ടപ്പെടുന്നതെന്തിനാണ്?"

"അതു ശരി." അദ്ദേഹം പറയാൻ തുടങ്ങി. "നീ വർത്തമാനപ്പത്രമാണല്ലോ. നിന്റെ മേൽ അധികവും വാർത്തകളാണ്. ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ അറിയാൻ മനുഷ്യർ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് പത്രം വായിയ്ക്കാൻ എല്ലാവരും തിടുക്കംകാണിക്കുന്നത്."

"എന്റെ മേൽ നിറയ്ക്കാനുള്ള വാർത്തകൾ എവിടെ നിന്നാണ്?" ഞാൻ ചോദിച്ചു.

"ലോകത്തിന്റെ ഓരോ ഭാഗത്തും നടക്കുന്ന സംഭവങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്ന വാർത്താ ഏജൻസികളുണ്ട്. പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യ, യുണൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യ മുതലായ ഏജൻസികൾ വാർത്തകൾ ശേഖരിച്ച് ടെലിപ്രിൻറർ വഴി പത്രങ്ങൾക്ക് വിതരണം ചെയ്യുന്നു. ഇവിടെയുള്ള ടെലിപ്രിൻററുകളിലൂടെയും ഞങ്ങളുടെ സ്വന്തം പ്രതിനിധികളിൽ നിന്നും ലഭിയ്ക്കുന്ന വിവരങ്ങളിൽ നിന്നുമാണ് ഓരോ ദിവസത്തെയും പത്രത്തിനു വേണ്ട വാർത്തകൾ എടുക്കുന്നത്."

"ഈ വാർത്തകൾ എന്റെ മേൽ പതിയുന്നതെങ്ങനെയാണ്?" ഞാൻ ചോദിച്ചു.

"ഞങ്ങൾ എഴുതി തയ്യാറാക്കുന്ന വാർത്തകൾ നിന്റെ മേൽ അച്ചടിക്കുകയാണ്. അങ്ങനെയാണ് വെറും കടലാസായിരുന്ന നീ വർത്തമാനപ്പത്രമായത്"

പത്തായംപോലെ കിടന്ന ആ വലിയ സാധനം അച്ചടിയന്ത്രമായിരുന്നെന്ന് എനിയ്ക്കു മനസ്സിലായി. ജനങ്ങൾ എന്നെ കാത്തിരിയ്ക്കുമെന്ന് ഓർത്തപ്പോൾ അവരുടെ അടു-

ത്തെത്താൻ ഉത്സാഹം തോന്നി. അപ്പോഴേയ്ക്കു് ഒരു പയ്യൻ വന്നു് എന്നെ എടുത്തുകൊണ്ടുപോയി മററു പത്രങ്ങളുടെ കൂട്ടത്തിലിട്ടു.

തുടർന്നുണ്ടായ നീക്കങ്ങൾ വളരെ വേഗത്തിലായിരുന്നു. അനേകം പത്രങ്ങളുടെ കൂട്ടത്തിൽ, കഴിഞ്ഞ രാത്രി മുഴുവൻ ഞാൻ സഞ്ചരിക്കുകയായിരുന്നു. അവസാനം ഇന്നു കാലത്തു് ഒരു പയ്യൻ ഞാൻ ഉൾപ്പെട്ടിരുന്ന പത്രക്കെട്ടഴിച്ചപ്പോഴാണു് എൻെറ ശ്വാസം നേരേ വീണതു്. ആ പയ്യൻ എന്നെ നിങ്ങൾക്കു തന്നപ്പോൾ, ഞാൻ സ്വന്തം ലക്ഷ്യത്തിൽ വന്നെത്തിയതായി തോന്നുന്നു.